# കാലാവസ്ഥാ മുന്നറിയിപ്പും കാർഷിക നിർദ്ദേശങ്ങളും

(പ്രാബല്യം: **18.09.2021** മുതൽ **22.09.2021**വരെ)

# കണ്ണൂർ ജില്ല

കേരള കാർഷിക സർവ്വകലാശാല പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം പിലിക്കോട്-ഉം
ഇന്ത്യ കാലാവസ്ഥാ വകുപ്പും സംയുക്തമായി പുറത്തിറക്കുന്നത്

| ബുള്ളറ്റിൻ നമ്പർ: പിലിക്കോട്/കെ.എൻ.ആർ 75/2021 | തീയ്യതി: 17/09/2021 |
|---|---|

## എ. പിന്നിട്ട നാല് ദിവസത്തെ കാലാവസ്ഥ

| മഴ, മി.മീ | കൂടിയ താപനില, °C | കുറഞ്ഞ താപനില, °C | ആപേക്ഷിക ആർദ്രത, % | കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ |
|---|---|---|---|---|
| 25.6 | 29.2 – 32.1 | 24.8 – 25.4 | 78 - 95 | 00 – 08 |

## ബി. വരുന്ന അഞ്ച് ദിവസങ്ങളിലേക്കുള്ള കാലാവസ്ഥാ മുന്നറിയിപ്പ്

| സൂചിക | 18-09-2021 | 19-09-2021 | 20-09-2021 | 21-09-2021 | 22-09-2021 |
|---|---|---|---|---|---|
| മഴ, മി.മീ | 10 | 10 | 10 | 10 | 10 |
| കൂടിയ താപനില, °C | 32 | 32 | 32 | 32 | 32 |
| കുറഞ്ഞ താപനില, °C | 25 | 25 | 25 | 25 | 25 |
| കൂടിയ ആപേക്ഷിക ആർദ്രത, % | 92 | 92 | 92 | 92 | 92 |
| കുറഞ്ഞ ആപേക്ഷിക ആർദ്രത, % | 74 | 74 | 74 | 74 | 74 |
| കാറ്റിന്റെ വേഗത, കി.മീ/മണിക്കൂർ | 10 | 10 | 12 | 12 | 10 |
| കാറ്റിന്റെ ദിശ, ഡിഗ്രി | 290 | 290 | 270 | 290 | 270 |
| മേഘ വിന്യാസം, ഒക്ടാ | 6 | 6 | 6 | 5 | 7 |

## സി. കാർഷിക നിർദ്ദേശങ്ങൾ

| | | |
|---|---|---|
| **പൊതു നിർദ്ദേശങ്ങൾ** | **അടുത്ത ദിവസങ്ങളിൽ മഴ ലഭിക്കും.** | |
| | വിത്ത്, റബ്ബർ, കശുവണ്ടി, മഞ്ഞൾ, കൊപ്ര, വളം എന്നിവ സുരക്ഷിതമാക്കി സൂക്ഷിക്കുക<br>വൃക്ഷവിളകൾ പുതുതായി നാട്ടയിടങ്ങളിൽ .മണ്ണിൽ വായു സഞ്ചാരം ലഭിക്കുന്നതിന് 20-30 സെ .മീ . ആഴത്തിൽ ഇളക്കി കൊടുക്കുക .തടത്തിൽ ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം ഒഴിക്കുക . ഇലകളിലും വളർച്ചാ മുകുളങ്ങളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക . | |
| നെല്ല് | രണ്ടാം വിള (മുണ്ടകൻ) പാടം തയ്യാറാക്കുന്ന സമയം | മണ്ണിൽ ഇരുമ്പിന്റെ അംശം കൂടുതലായതുകൊണ്ട് മണ്ണിലെ പുളിരസം വർദ്ധിക്കുന്നതിനും നെല്ലിന്റെ വളർച്ച മുരടിക്കുന്നതിനും കാരണമാകുന്നു. പറിച്ചു നടുന്നതിനു മുൻപേ പാടത്തു രണ്ടു തവണ എങ്കിലും വെള്ളം കയറ്റി വാർത്തു കളയുക. അതിനു ശേഷം കുമ്മായം/ഡോളമേയ്റ്റ് സെന്റിന് 2കിലോ ഗ്രാം എന്ന തോതിൽ മണ്ണുമായി നന്നായി ചേർത്തിളക്കണം. പറിച്ചു നട്ടതിന് ശേഷം 30-40 ദിവസം കഴിയുമ്പോൾ വീണ്ടും മേൽപ്പറഞ്ഞ അളവിൽ പാടത്തു വിതറി കൊടുക്കേണ്ടതാണ്. നിലമൊരുക്കുന്ന സമയത്തു ചാണകം /കമ്പോസ്റ്റു, പച്ചില വളം എന്നിവ സെന്റിന് 20കിലോ ഗ്രാം എന്ന തോതിൽ ചേർത്ത് ഉഴുതു മറിക്കണം.പൊട്ടാഷ് വളപ്രയോഗം കുമ്മായം ചേർത്ത് രണ്ടാഴ്ച കഴിഞ്ഞതിനു ശേഷമേ പാടുള്ളു. |

| | | | |
|---|---|---|---|
| നെല്ല് | ഞാറ് നടുന്ന സമയം | ഞാറ് പറിച്ചു നടുന്നതിനു തൊട്ടു മുമ്പേ വേര് പ്സ്യൂഡോമോണാസ് ലായനി(20ഗ്രാം പ്സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ)ൽ അര മണിക്കൂർ മുക്കി വെക്കുക. ഇത് നെല്ല് കരുത്തോടെ വളരുന്നതിന് സഹായകമാകും. | |
| വിളകളും വളർത്തു മൃഗങ്ങളും | വിവിധ ഘട്ടം | ആഫ്രിക്കൻ ഒച്ച്<br> | ഒച്ചുകളെ ആകർഷിച്ചു പിടിക്കുവാനായി വൈകുന്നേരങ്ങളിൽ നനഞ്ഞ ചണ ചാക്കുകളിൽ കാബേജ്, കോളിഫ്ലവർ, പപ്പായ എന്നിവയുടെ ഇലകൾ നിറച്ചു വീടിനു ചുറ്റും വെക്കുക. ഇവയിൽ വന്നിരിക്കുന്ന ഒച്ചുകളെ 200 ഗ്രാം ഉപ്പു ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി തയ്യാറാക്കിയ ലായനിയിൽ ഇട്ടു നശിപ്പിക്കുക.<br><br>വിളകളിൽ ഇരിക്കുന്ന ഒച്ചുകളെ നശിപ്പിക്കാനായി 0.3 ശതമാനം വീര്യമുള്ള തുരിശ് (3 ഗ്രാം കോപ്പർ സൾഫേറ്റ് ഒരു ലിറ്റർ വെള്ളത്തിൽ) ലായനി തളിക്കുക. തുരിശ് ലായനിയുടെ വീര്യം യാതൊരു കാരണവശാലും അധികരിക്കരുത്. അധികാരിച്ചാൽ വിളകൾക്ക് പൊള്ളലും ക്ഷീണവും ഉണ്ടാകും. |
| തെങ്ങ് | വിവിധ ഘട്ടം | ചെന്നീരൊലിപ്പ്<br> | രോഗം വന്ന ഭാഗം ചെത്തി വൃത്തിയാക്കി ബോർഡോ കുഴമ്പ് പുരട്ടി കൊടുക്കുക. ഹെക്സകൊണാസോൾ 25 മില്ലി 25 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി 4 മാസ ഇടവേളകളിൽ മണ്ണിൽ ഒഴിച്ച് കൊടുക്കുക.<br><br>ഒരു മാസത്തിനു ശേഷം 5 കി ഗ്രാം ട്രൈക്കോഡർമ സമ്പുഷ്ടമാക്കിയ വേപ്പിൻ പിണ്ണാക്ക് തടത്തിൽ വിതറി മണ്ണുമായി ഇളക്കി ചേർക്കുക. |
| തെങ്ങ് | വിവിധ ഘട്ടം | ഗാനോഡർമാ/ കട ചീയൽ<br> | |
| തെങ്ങ് | വിവിധ ഘട്ടം | കൂമ്പ്ചീയൽ<br> | കൂമ്പുചീയൽ ഉണ്ടായാൽ പ്രാരംഭ ഘട്ടത്തിൽ തന്നെ രോഗം ബാധിച്ച ഭാഗങ്ങൾ ചെത്തിമാറ്റി നശിപ്പിക്കുകയും മുറിവിൽ ബോഡോ കുഴമ്പു പുരട്ടുകയും ചെയ്യുക. തുടർന്ന് പുതുനാമ്പു വരുന്നത് വരെ കൂമ്പിനെ ഒരു പ്ലാസ്റ്റിക് കടലാസുപയോഗിച്ചു പൊതിഞ്ഞു മഴ വെള്ളം ഇറങ്ങാതെ സംരക്ഷിക്കുക.<br>സമീപത്തുള്ള തെങ്ങുകളുടെ കുരുത്തോലക്കും ചുറ്റുമുള്ള ഒലക്കവിളുകളിലും ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക.<br><br>ദുർബല മേഖലകളിൽ, തെങ്ങുകളുടെ പ്രതിരോധ ശേഷി ഉയർത്താൻ സൂക്ഷ്മ മൂലകങ്ങൾ ഉൾപ്പെടുന്ന സമഗ്ര പോഷക മൂലക പരിപാലനം ഉണ്ടായിരിക്കണം. |

| | | | |
|---|---|---|---|
| കവുങ്ങ് | കായ്ക്കുന്ന ഘട്ടം | ഇല/കുല കരച്ചിൽ  | ഒരു ശതമാനം വീര്യമുള്ള ബോഡോ മിശ്രിതം തളിക്കുക |
| കുരുമുളക് | കായ്ക്കുന്ന സമയം | പൊള്ളു കീടവും രോഗവും  | മുൻകരുതലായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതത്തിൽ 2 മില്ലി ക്വിനാൽഫോസ് ചേർത്ത് തളിക്കുക.<br>ആക്രമണം രൂക്ഷമാണെങ്കിൽ ഹെക്സകൊണസോൾ ഒരു മില്ലി.-ഉം ഡെൽറ്റാമെത്രിൻ അര മില്ലി.-ഉം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തയ്യാറാക്കിയ ലായനി തളിക്കുക |
| വാഴ | വിവിധ ഘട്ടം | ഇലപ്പുള്ളി രോഗം  | രോഗം ബാധിച്ച ഇലകൾ വെട്ടി മാറ്റി തീയിട്ടു നശിപ്പിക്കുക. ഒരാഴ്ചക്കുള്ളിൽ തന്നെ ഒരു ശതമാനം ബോർഡോമിശ്രിതം ലിറ്ററിന് ഒരു മില്ലി പശ കൂടി ചേർത്ത് തളിക്കുക. കുമിൾനാശിനിയായ കാർബൺടാസിം (0.1 %) അല്ലെങ്കിൽ മാങ്കൊസെബ് ( 0.2 %) രണ്ടാഴ്ച ഇടവേളയിൽ തളിച്ച് കൊടുക്കുക. |
| മഞ്ഞൾ | വളർച്ചാ ഘട്ടം | ഇലപ്പുള്ളി രോഗം  | മാങ്കോസബ് 2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക<br>അല്ലെങ്കിൽ<br>കോപ്പർ ഓക്സി ക്ലോറൈഡ് 2 ഗ്രാം ഒരുലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക |

ഒപ്പ്/-
നോഡൽ ഓഫീസർ
ഗ്രാമീണ കൃഷി കാലാവസ്ഥ സേവ പദ്ധതി